II ഇ.ബി. XII- കേരള നിയമസഭ/XVI-6

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ഡിസംബർ 30, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

22 (*211) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, എറണാകുളം, കൊല്ലം, തിരുവനന്തപുരം ജില്ലകളിലാണ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ പ്രവർത്തിക്കുന്നതെന്നും തിരുവനന്തപുരത്തും കോഴിക്കോടുമുള്ള ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ടെന്നും ആശുപത്രികളിലെ വാർഡ്, ഒ.പി., ഓപ്പറേഷൻ തിയേറ്റർ, ലബോറട്ടറി തുടങ്ങിയ എല്ലാ വിഭാഗങ്ങളും നവീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തിരുവനന്തപുരം തൈക്കാട് ആശുപത്രിയിൽ പുതിയ ബഹുനിലക്കെട്ടിടം പ്രവർത്തനസജ്ജമാക്കി അവിടെ വാർഡുകൾ, ഒ.പി., ലബോറട്ടറി, ഫാർമസി, ബ്ലഡ് ബാങ്ക്, ഓപ്പറേഷൻ തിയേറ്റർ, പ്രസവ മുറി, നവജാതശിശുക്കൾക്കുള്ള നഴ്സറി എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്.

മങ്ങാട്ടുപറമ്പ് ഡബ്ള്യൂ.ആന്റ്.സി ആശുപത്രി ജനങ്ങൾക്ക് തുറന്നുകൊടുക്കുകയും ആലപ്പുഴ ഡബ്ള്യൂ.ആന്റ്.സി ആശുപത്രിയിൽ പുതിയ പീഡിയാട്രിക് വാർഡ്, ലേബർ റൂം, എമർജൻസി തിയേറ്റർ തുടങ്ങിയവയും കൊല്ലത്തും മട്ടാഞ്ചേരിയിലുമുള്ള ഡബ്ള്യൂ.ആന്റ്.സി ആശുപത്രികളിൽ കുട്ടികളുടെ വാർഡും തിയേറ്ററും സ്ഥാപിക്കുകയും ചെയ്തു. കേരളത്തിലെ പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്താനും ഗ്രാമീണ ആരോഗ്യ മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായാണ് എൻ.ആർ.എച്ച്..എം. പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതി നടത്തിപ്പു മാർഗ്ഗരേഖ (PIP) വികേന്ദ്രീകൃത ആസൂത്രണം വഴിയാണ് തയ്യാറാക്കുന്നത്. വാർഡ്, പഞ്ചായത്ത്, ജില്ലാ തലങ്ങളിൽ ആരോഗ്യ പദ്ധതികൾ തയ്യാറാക്കുകയും ജില്ലാതല പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല പദ്ധതി രേഖ തയ്യാറാക്കി കേന്ദ്ര ആരോഗ്യ വകുപ്പിലേയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നതും ചെലവഴിക്കുന്നതും ഓരോ വർഷത്തേയും കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതി നടത്തിപ്പു മാർഗ്ഗരേഖ (PIP) പ്രകാരമാണ്. എൻ.ആർ.എച്ച്.എം. ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിനുവേണ്ടി സംസ്ഥാന കുടുംബക്ഷേമ സൊസൈറ്റിയും 14 ജില്ലാ കുടുംബക്ഷേമ സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തെ ആറ് സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രികളിലായി ഡോക്ടർമാരുടെ 28 തസ്തികകൾ അധികമായി അനുവദിച്ചുവെന്നും 16 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്നും. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ (അനസ്തേഷ്യ, റേഡിയോളജി)

അടിയന്തിരമായി നികത്തുന്നതിന് ജൂനിയർ കൺസൾട്ടന്റ് തസ്തികയി ലേയ്ക്ക് ഡോക്ടർമാരെ അഡ്വൈസ് ചെയ്യുന്നതിന് പി..എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് തന്നെ ഒഴിവുകൾ നികത്തുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. പീഡിയാട്രിക്, ഗൈനക്കോളജി തസ്തികകൾ ഉടൻതന്നെ പ്രൊമോഷൻ വഴി നികത്തുന്നതാണ്. ഈ വിഭാ ഗങ്ങളിൽപ്പെട്ട ഡോക്ടർമാരുടെ സേവനം എല്ലാ ആശുപത്രികളിലും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജനറൽ കേഡറിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. ലിസ്റ്റ് ലഭിച്ചാ ലുടൻ നിയമന നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് എല്ലാ ആശുപത്രികളിലുമായി സ്റ്റാഫ് നഴ്സുമാരുടെ 291 ഒഴിവുകളുള്ളതിൽ 175 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളവയും ബാക്കി 111 പേർ ഡി.എം.ഇ-ഡി.എച്ച്.എസ്. ബൈഫർക്കേഷന്റെ ഭാഗമായി മെഡിക്കൽ കോളേജ് ആശുപത്രികളിൽ താൽക്കാലികമായി തുടരുന്നവരുമാണ്. ബൈ ഫർക്കേഷൻ പ്രക്രിയ തീരുന്ന മുറയ്ക്ക് ഈ ഒഴിവുകൾ നികത്തപ്പെടും. എല്ലാ ആശുപത്രികളിലും കൂടുതൽ ഡോക്ടർമാരേയും നേഴ്സുമാരേയും നിയമിച്ച്, മരുന്നുകൾ ലഭ്യമാക്കി, ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യ നിഷ്കർഷിക്കുന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചു. ആശുപത്രികളിലെ ജനറൽ വാർഡ്, ഐസൊലേഷൻ വാർഡ്, പേവാർഡ്, ലബോറട്ടറി എന്നിവയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് NABH അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തി ലാണ്. ആശുപത്രികളിലെ എല്ലാ വിഭാഗം ജീവനക്കാർക്കും വിവിധ തരത്തിലുള്ള പരിശീലനവും ഗുണനിലവാരം ഉയർത്തുന്നതിനായി

ഇന്റേണൽ ഓഡിറ്റും നടപ്പാക്കി. മലയോര മേഖലയിലെ ആദിവാസിക ളുൾപ്പെടെ ആശ്രയിക്കുന്ന ഇരിട്ടി, പേരാവൂർ, മട്ടന്നൂർ താലൂക്ക് ആശുപത്രി കളെ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കും. 50 ആശുപത്രികളിൽ ബ്ലഡ് സ്റ്റോറേജിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ലബോറട്ടറി എൻ.ആർ.എച്ച്.എം.-ന്റെ സഹായത്തോടെ ആരംഭിക്കുമെന്നും തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗം ആരംഭിക്കാനായി പി.ഡബ്ല്യൂ.ഡി ഫണ്ടിൽ നിന്ന് 6 കോടി രൂപ മാറ്റിവച്ച് ടെണ്ടർ നടപടിയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുക യാണെന്നും ഇരിക്കൂർ പി.എച്ച്.സി.യെ സി.എച്ച്.സി. ആയി ഉയർത്താൻ നടപടി സ്വീകരിക്കുമെന്നും പി.എം.എസ്.എസ്.വൈ-യുടെ ഭാഗമായി തിരുവ നന്തപുരത്ത് ഒരു വന്ധ്യതാ ഇൻഫെർട്ടിലിറ്റി ക്ലീനിക് ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കോഴിക്കോടും ഇതുപോലൊരു യൂണിറ്റ് തുടങ്ങുന്ന കാര്യം ആലോചിക്കാമെന്നും. കോട്ടയം മെഡിക്കൽ കോളജി നോട് അനുബന്ധിച്ചുള്ള കുട്ടികളുടെ ആശുപത്രിയുടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിന് വേണ്ടി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും തിരുവനന്ത പുരത്ത് ഫലപ്രദമായി നടപ്പിലാക്കി വരുന്ന '108 ആമ്പുലൻസ് സംവിധാനം' കേരളത്തിലാകെ നടപ്പിലാക്കുമെന്നും കോട്ടയം മെഡിക്കൽ കോളേജി നോട് ചേർന്നുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത് കെയറിൽ ആധു നിക രീതിയിലുള്ള ഒരു ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

23 (*212) <u>ജലസംരക്ഷണ അവബോധം</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, ജലസംരക്ഷണ അവബോധത്തിനായി "ജലസുരക്ഷ" എന്ന പേരിൽ സംസ്ഥാന ജലവിഭവ വകുപ്പും ഭൂജല നിയന്ത്രണവും ക്രമീകരണവും എന്ന പദ്ധതിയിൻ കീഴിൽ ഭൂജലവകുപ്പും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് കുടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശത്തേയ്ക്കായി കേരള ജല അതോറിറ്റി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സാമൂഹ്യ ജലസുരക്ഷാ പദ്ധതി 'സുജല' എന്ന പേരിൽ ഗ്രാമീണ കുടിവെള്ള സ്രോതസ്സുകളിലെ ജല ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തി വരുന്നു. കിണർവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമുള്ള പദ്ധതി സംസ്ഥാനത്ത് സി.സി.ഡി.യു മുഖേന നടപ്പിലാക്കി വരുന്നുണ്ട്. പൊതുജനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിന്മേൽ നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് കിണർ വെള്ളത്തിന്റെ ഗുണനിലവാര പരിശോധന ഭൂജല വകുപ്പിന്റെ ലബോറട്ടറികളിലും രാസപരിശോധനയും ബാക്ടീരിയ പരിശോധനയും തിരുവനന്തപുരത്തെ ലാബിലും നടത്തുന്നുണ്ട്. എറണാകുളം, കോഴിക്കോട് ലാബുകളിൽ രാസപരിശോധന നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. നിലവിലുള്ള ഗാർഹിക കിണറുകൾ റീ-ചാർജ് ചെയ്യുന്നതിനായി 112 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ച് ഗ്രൗണ്ട് വാട്ടർ അതോറിറ്റി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സി.സി.ഡി.യു നടപ്പാക്കുന്ന പരിശീലന

പരിപാടിയോടനുബന്ധിച്ച് ജല ദുരുപയോഗം തടയുന്നതിനുള്ള ബോധ വൽക്കരണം നടത്തുന്നതോടൊപ്പം 2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ തീരുമാന പ്രകാരവും ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് ജലസുരക്ഷ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയതിനും ജലത്തിന്റെ ഗുണനിലവാരത്തിനും നഗരപ്രദേശങ്ങളിൽ കുടിവെള്ള വിതരണം വിജയകരമായി നടത്തിയതിനും ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾ കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി പഴയ മോട്ടോറുകളും പൈപ്പ്സെറ്റുകളും മാറ്റി എനർജി എഫിഷ്യൻസി കൂട്ടുന്നതിന് 28 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഭരണനടപടികളുമായി മുന്നോട്ട് പോവുകയാണ്. ഭൂജല അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഭൂജല പരിപോഷണ പ്രക്രിയയ്ക്ക് വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെന്നും ഗ്രൗണ്ട് വാട്ടർ റീ-ചാർജിംഗ് സംബന്ധിച്ച് കേന്ദ്ര ഗ്രൗണ്ട് വാട്ടർ അതോറിറ്റിയും കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റിയും സംയുക്തമായി പഠനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ഏഴിമല നാവിക അക്കാഡമി, പെരിങ്ങോം സി.ആർ.പി.എഫ് ക്യാമ്പ് എന്നിവിടങ്ങളിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനായി സ്ഥിരമായ ഒരു തടയണ നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ സജീവമായ പരിഗണനയിലാണെന്നും സംസ്ഥാനത്തെ മുഴുവൻ കുളങ്ങളും പുനരുദ്ധരിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി പതിമൂന്നാം ധനകാര്യ കമ്മീഷന്റെ മുൻപാകെ സമർപ്പിച്ച് അനുമതി വാങ്ങിക്കൊണ്ട് 2011 ഏപ്രിൽ

ഒന്നു മുതൽ കുളങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും കുടിവെള്ള പദ്ധതികളുടെ ടെണ്ടർ നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിന് മെറ്റീരിയൽ കോസ്റ്റിന്റെ വില വർദ്ധനവ് കണക്കിലെടുത്ത് ഷെഡ്യൂൾ ഓഫ് റേറ്റ് പരിഷ്ക്കരിക്കുന്ന കാര്യത്തെക്കുറിച്ച് ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് വരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

24 (*213) <u>പ്ലാച്ചിമടയിലെ കൊക്കോക്കോള കമ്പനി</u>

ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പ്ലാച്ചിമടയിലെ കൊക്കോക്കോള കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച് നിയുക്തമായ ശ്രീ. കെ. ജയകുമാർ ഐ. എ.എസ് അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് 22-03-2010-ന് സർക്കാരിന് ലഭിച്ചുവെന്നും റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കുകയും കമ്പനിയുടെ പ്രവർത്തനംമൂലം തദ്ദേശ വാസികൾക്കുണ്ടായ നഷ്ടപരിഹാരം നിർദ്ദേശിക്കുന്നതിലേയ്ക്കായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ അന്തിമഘട്ടത്തിലാണെന്നും കഴിയുമെങ്കിൽ ജനുവരി മാസത്തിൽ തന്നെ നിയമനിർമ്മാണവുമായി മുന്നോട്ട് പോകാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു. ഉന്നതാധികാര സമിതിയിൽ കൃഷി, ആരോഗ്യം, മൃഗസംരക്ഷണം, സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഭൂജല വകുപ്പ്, കേന്ദ്ര ഭൂജല ബോർഡ്, കാർഷിക സർവ്വകലാശാല, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലെ വിദഗ്ദ്ധർക്ക് പുറമേ പരിസ്ഥിതിയും നിയമവുമായി ബന്ധപ്പെട്ട വിദഗ്ദ്ധരും ഉൾപ്പെട്ടിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകളിൻമേൽ വ്യവസായ വകുപ്പിന്റേയും നിയമവകുപ്പിന്റേയും അഭിപ്രായവും

മലിനീകരണ പ്രശ്നവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ അഭിപ്രായവും ആരാഞ്ഞിട്ടുണ്ട്. കമ്പനി നടത്തിയിട്ടുള്ള നിയമലംഘനങ്ങളുടെ ഭാഗമായുള്ള നഷ്ടങ്ങൾ ഈടാക്കുന്നതിനുവേണ്ടിയുള്ള ട്രിബ്യൂണൽ രൂപീകരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്നും കമ്പനി അടച്ചതിനുശേഷം അവിടത്തെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടെന്നാണ് പഠനങ്ങളിൽ നിന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി..

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2018 മുതൽ 2316 വരെയുള്ള ചോദ്യങ്ങളിൽ 150 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)